(ബി) കൃഷി വകുപ്പിന് പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ടി പദ്ധതിയുടെ ഒന്നാംഘട്ടം ചെറുകിട ജലസേചന വകുപ്പ് മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്.

**പച്ചത്തേങ്ങ സംഭരണം**

72 (1411) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിരവധി പഞ്ചായത്തുകളിൽ പച്ചത്തേങ്ങ സംഭരണം ശരിയായ രീതിയിൽ നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംഭരിച്ച തേങ്ങയുടെ വില നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും സൗകര്യപ്രദവും കുറ്റമറ്റതും കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന രീതിയിലും സംഭരണം നടത്തുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിന് നിയോഗിച്ച സബ് കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിശദാംശങ്ങൾ വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) കമ്പോള വില സംഭരണ വിലയെക്കാൾ ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ താങ്ങുവിലയിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിൽ പ്രസക്തിയില്ല. എന്നിരുന്നാലും പച്ചത്തേങ്ങ സംഭരണം കൂടുതൽ കാര്യക്ഷമമാക്കി വിപുലീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) നാളികേരത്തിന് വിലയിടിയുന്ന സാഹചര്യമുണ്ടായാലുടൻ പച്ചനാളികേര സംഭരണം ആരംഭിക്കുവാനുള്ള തയ്യാറെടുപ്പ് നടത്തിയിട്ടുണ്ട്.

(സി) ബാധകമല്ല.

**വരൾച്ചയും കൃഷിനാശവും**

73 (1412) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനവും പാലക്കാട് ജില്ലയിലും 2016 മുതൽ നാളിതുവരെയുണ്ടായ കൊടുംവേനലും വരൾച്ചയും കൊണ്ടുണ്ടായിട്ടുള്ള കൃഷിനാശം എത്ര തുകയുടേത് എന്ന് പ്രത്യേകം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രധാന വിളകളായ നെല്ല്, വാഴ, തെങ്ങ്, കുരുമുളക്, പച്ചക്കറി , ഏലം, റബ്ബർ, കാപ്പി, അടയ്ക്ക, ഇഞ്ചി, മറ്റ് പഴവർഗ്ഗങ്ങൾ എന്നിവയെ ഇക്കാലയളവിൽ വരൾച്ച എപ്രകാരം ബാധിച്ചു എന്നുള്ളതും സംസ്ഥാനത്തും പാലക്കാട് ജില്ലയിലും ഇതുമൂലമുണ്ടായ കാർഷിക നഷ്ടവും എത്ര എന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഇതിനായി റവന്യൂ-കൃഷി വകുപ്പമന്ത്രിമാർ 2017 മാർച്ച് 28-ന് കേന്ദ്രകൃഷി വകുപ്പമന്ത്രിയെ കണ്ട് വരൾച്ച മെമ്മോറാണ്ടം നൽകുകയും കേന്ദ്രസംഘം ഏപ്രിൽ 19 മുതൽ 21 വരെ സംസ്ഥാനം സന്ദർശിച്ച് വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ എത്ര കേന്ദ്രസഹായം ലഭ്യമായി എന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കാലയളവിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തു സഹായം നൽകി എന്നും, പാലക്കാട് ജില്ലയിലെ എത്ര കർഷകർക്ക് എന്തു സഹായം ലഭ്യമാക്കി എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രഥമ വിവര റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് കൊടുംവേനലും വരൾച്ചയുംമൂലം 45398.86 ഹെക്ടർ കൃഷി നശിച്ചതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. 179142 കർഷകരുടെ 45398.86 ഹെക്ടർ നശിച്ചതിലൂടെ 875.35 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. പാലക്കാട് ജില്ലയിൽ 19539.054 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം* ആയി വച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ചുള്ള കണക്കുകൾ അനുബന്ധമായി* വച്ചിട്ടുണ്ട്.

(സി) കേന്ദ്ര സഹായം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ ലഭിച്ചിട്ടില്ല.

(ഡി) ഇക്കാലയളവിൽ ജില്ലാ തലത്തിൽ നെൽകൃഷി നാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത് വിതരണം ചെയ്യുകയും പാലാക്കാട് ജില്ലയിലെ കർഷകരിൽനിന്നും കൃഷി ഭവൻ മുഖേന കൃഷിനാശത്തിനുള്ള ധനസഹായത്തിന് ക്ലെയിം ശേഖരിച്ചുവരികയും ചെയ്യുന്നു. കേന്ദ്രസഹായം ലഭ്യമാകുന്ന മുറയ്ക്ക് സഹായധനം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly